Mathrubhumi 15-09-18, P-07

# വിലയിടിഞ്ഞ് കാപ്പിക്കുരു

**റിങ്കു ഫ്രാൻസിസ്**
കൊച്ചി

▸ ഉത്പാദനച്ചെലവിനൊത്ത് കാപ്പിക്കുരുവിന് വില ഉയരാത്തത് സംസ്ഥാനത്തെ കാപ്പി കർഷകരെ പ്രതിസന്ധിയിലാക്കുന്നു. കാപ്പിക്കുരുവിന് കിലോഗ്രാമിന് 140 മുതൽ 160 രൂപ വരെ മാത്രമാണ് ഓഗസ്റ്റിൽ വില ലഭിച്ചതെന്ന് കർഷകർ പറയുന്നു.

2016 മുതൽ വിലയിൽ കാര്യമായ ഇടിവുണ്ട്. പ്രതിവർഷം 10 മുതൽ 15 ശതമാനം വരെ കാപ്പിക്കുരുവിന് വില ഇടിയുന്നുണ്ട്. ഓരോ വർഷവും ഉത്പാദനച്ചെലവിൽ 30 മുതൽ 35 ശതമാനം വരെ വർധനയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എന്നിട്ടും ഇതിനനുസരിച്ച് വില ലഭിക്കുന്നില്ല.

പ്രധാന കാപ്പി ഉത്പാദകരായ ബ്രസീൽ, വിയറ്റ്നാം, ഇൻഡൊനീഷ്യ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതി വർധിച്ചതും രാജ്യാന്തര വിപണിയിലെ വിലയിടിവുമാണ് കാപ്പിക്കുരുവിന്റെ വിലത്തകർച്ചയ്ക്ക് കാരണം. രാജ്യാന്തര വിപണിയിൽ കാപ്പിവില ഓഗസ്റ്റിൽ 57 മാസത്തെ താഴ്ചയിൽ എത്തിയിരുന്നു.



ഓഗസ്റ്റ് മൂന്നു വരെ 194.25 രൂപയായിരുന്നു രാജ്യാന്തര വിപണിയിലെ കാപ്പിയുടെ ശരാശരി വില. അതേസമയം, ആഭ്യന്തര വിപണിയിൽ പ്ലാന്റേഷൻ എ വിഭാഗത്തിൽ ജൂലായിൽ 193.93 രൂപയായിരുന്നു ശരാശരി ലേല വില. 2017-ൽ ഇത് കിലോഗ്രാമിന് 216.55 രൂപയായിരുന്നു. 2016-ൽ 224 രൂപയും 2015-ൽ 270.10 രൂപയും ലഭിച്ച സ്ഥാനത്താണ് ഇത്.

കർഷകർക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ശരാശരി വില ഇതിലും വളരെ താഴെയാണ്. കാലാവസ്ഥാ വ്യതിയാനവും അപ്രതീക്ഷിതമായെത്തിയ പ്രളയവും മൂലം ഇപ്പോഴും കാപ്പിച്ചെടികളുടെ ഇല കൊഴിയുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങളും വ്യാപകമാണ്. ഇത് ഉത്പാദനത്തിൽ കുറവുണ്ടാക്കിയേക്കും.

കാലവർഷക്കെടുതിയിൽ രാജ്യത്തെ ഏറ്റവും വലിയ കാപ്പി ഉത്പാദകരായ കർണാടക, കേരളം, തമിഴ്നാട് സംസ്ഥാനങ്ങളിൽ മാത്രം ഇതുവരെ 82,000 ടണ്ണിന്റെ വിളനഷ്ടം ഉണ്ടായിട്ടുണ്ടെന്ന് കോഫി ബോർഡിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. ഇന്ത്യയുടെ മൊത്തം കാപ്പി ഉത്പാദനത്തിൽ 20 ശതമാനമാണ് കേരളത്തിന്റെ സംഭാവന. 2016-17-ൽ 85,456 ഹെക്ടറിലായിരുന്നു സംസ്ഥാനത്ത് കാപ്പികൃഷി. ഇതേ കാലയളവിൽ 63,290 ടൺ കാപ്പിയാണ് ഉത്പാദിപ്പിച്ചത്.

കേരളത്തിൽ കൂടുതൽ റോബസ്റ്റ ഇനമാണ് കൃഷി ചെയ്യുന്നത്. ഉത്പാദനച്ചെലവ് ഉയരുകയും വില കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ അറബിക്ക കൃഷി ചെയ്തിരുന്നവരും റോബസ്റ്റ ഇനം കൃഷി ചെയ്യുന്നതിലേക്ക് തിരിഞ്ഞിട്ടുണ്ട്. ഉത്പാദനച്ചെലവ് കൂടിയ മുന്തിയ ഇനമാണ് അറബിക്ക.